LIBRARY ARCHIVES Kerala Legislative Assembly

പുതുതായി നിർമ്മിക്കുന്ന ഗൃഹങ്ങളിൽ ജലസംഭരണികൾ നിർമ്മിക്കണമെന്ന വ്യവസ്ഥ

170 .[1832] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ജലനയത്തിനനുസൃതമായി പുതുതായി നിർമ്മിക്കുന്ന ഗൃഹങ്ങളിൽ ജലസംഭരണികൾ നിർമ്മിക്കണമെന്ന വ്യവസ്ഥ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥമൂലം ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് സംബന്ധിച്ച് വകുപ്പിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടില്ല.

(ബി) ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പട്ടുവം ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം

171 [1833] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. സഹായത്തോടെയുള്ള പട്ടുവം ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രോജക്ട് എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) എത്ര ലക്ഷം ജനങ്ങൾക്ക് പട്ടുവം പദ്ധതികൊണ്ട് പ്രയോജനമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ടോപ്പോഗ്രഫിക്കൽ സർവ്വെ, ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, ഡിസ്ട്രിബ്യൂഷൻ സർവ്വെ, ട്രീറ്റബിലിറ്റി സ്റ്റഡീസ്, വിവിധ ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലികൾ എന്നീ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. പദ്ധതികളുടെ പണികൾ വിവിധ കോൺട്രാക്ട് പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഇതിനു വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ജോലികളും പൂർത്തിയായി വരുന്നു.

(ബി) 2006 ആദ്യം ഭാഗികമായും 2007 ഫെബ്രുവരിയിൽ പൂർണ്ണമായും പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 5.29 ലക്ഷം ജനങ്ങൾക്ക് പ്രയോജനമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.